प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഏപ്രില്‍ 10, 2019

**ലഖ്നോവിലെ യു.പി. പോസ്റ്റല്‍ പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനുമേല്‍ പിഴചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷന്‍ ആക്റ്റ് (സഹകരണ സംഘങ്ങള്‍ക്കു ബാധകമാം വിധം) സെക്ഷന്‍ 47 A(1) (c), ഒപ്പം സെക്ഷന്‍ 46(4) എന്നിവ പ്രകാരം നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ ലഖ്നോവിലെ യു.പി. പോസ്റ്റല്‍ പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനുമേല്‍ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) യുടെ പണപ്പിഴ ചുമത്തി. ആര്‍ ബി ഐ യുടെ ഉത്തരവുകളും മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങളും ലംഘിച്ച് ആര്‍ ബി ഐ യുടെ മുന്‍കൂര്‍ അനുമതി നേടാതെ ബാങ്കിന്റെ ശാഖ മാറ്റിയതിനാണ് ഈ പിഴ ചുമത്തിയിട്ടുള്ളത്.

റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ നല്‍കിയ ഒരു കാരണംകാണിക്കല്‍ നോട്ടീസിന്, സഹകരണ ബാങ്ക് എഴുതിത്തയാറാക്കിയ ഒരു മറുപടി സമര്‍പ്പിച്ചു. കേസിന്റെ വസ്തുതകളും, ബാങ്കിന്റെ മറുപടിയും, നേരിട്ടുസമര്‍പ്പിച്ച കാര്യങ്ങളും പരിഗണി ച്ചതില്‍, ലംഘനം സാരവത്താണെന്നും പിഴചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള തീരുമാനത്തില്‍ റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ എത്തുകയായിരുന്നു.

**അജിത് പ്രസാദ്**
അസിസ്റ്റന്‍റ് അഡ്വൈസര്‍

**പ്രസ്സ് റിലീസ് 2018-2019/2420**